പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3964</u> <u>27.06.2012-ൽ മറുപടിക്ക്</u>

## <u>മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ എന്നിവിടങ്ങളിൽ വൃക്കരോഗ ചികിത്സാ വിഭാഗം</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ എന്നിവിടങ്ങളിൽ എവിടെയെല്ലാം വൃക്ക രോഗ ചികിത്സാ വിഭാഗം നിലവിലുണ്ട് ; | (എ) സംസ്ഥാനത്തെ എല്ലാ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലും, തിരുവനന്തപുരം ജനറൽ ആശുപത്രി കോട്ടയം, പാലക്കാട്, കോഴഞ്ചേരി ജില്ലാ ആശുപത്രികൾ, ആലുവ, ഹരിപ്പാട് താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിലും വൃക്കരോഗ ചികിത്സാ വിഭാഗം നിലവിലുണ്ട്. |
| (ബി) ഇവിടങ്ങളിൽ നെഫ്രോളജിസ്റ്റുകളുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടോ ; എങ്കിൽ കാരണങ്ങൾ വ്യക്തമാക്കുമോ ; | (ബി) **ഉണ്ട്,** പ്രൊമോഷൻ, അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കൽ എന്നിവ കാരണമാണ് തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത്. |
| (സി) വൃക്കരോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്ന കാരണം വൃക്കരോഗ ചികിത്സാ വിഭാഗം ജില്ലാ ആശുപത്രികളിൽ കൂടി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (സി) പാലക്കാട്, കോട്ടയം കോഴഞ്ചേരി എന്നീ ജില്ലാ ആശുപത്രികളിൽ വൃക്കരോഗ ചികിത്സാ വിഭാഗം പ്രവർത്തിക്കുന്നുണ്ട്. മറ്റ് ജില്ലാ ആശുപത്രികളിൽ ഘട്ടംഘട്ടമായി വൃക്ക രോഗചികിത്സാ വിഭാഗം വ്യാപിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) ഡയാലിസിസിന് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ? | (ഡി) ഡയാലിസിസിന് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ